# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **851** **25.01.2018**-ൽ മറുപടിയ്ക്ക്

## മുതുവാൻ വിഭാഗക്കാർക്ക് ജാതി സർട്ടിഫിക്കറ്റ്

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.ജോർജ് എം. തോമസ് | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ മൈസൂർമലയിലെ മുതുവാൻ വിഭാഗത്തിൽപ്പെട്ട, ആദിവാസി വിഭാഗങ്ങൾക്ക് വ്യത്യസ്ത ആവശ്യങ്ങൾക്കായി റവന്യൂ അധികാരികൾ ജാതി സർട്ടിഫിക്കറ്റ് നൽകാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കാലങ്ങളായി ജാതി സർട്ടിഫിക്കറ്റ് ലഭ്യമായിരുന്ന ഇവർക്ക് ഇപ്പോൾ ഇതു ലഭ്യമാക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) & (സി) | മലപ്പുറം ജില്ലയിലെ നിലമ്പൂർ, കോഴിക്കോട് ജില്ലയിലെ മൈസൂർമല എന്നിവിടങ്ങളിലെ ഗോത്രവർഗ്ഗക്കാർക്കും അവരുടെ അണുകുടുംബത്തിൽപ്പെട്ടവർക്കും പട്ടികവർഗ്ഗ മുതുവാൻ/മുഡുവാൻ സർട്ടിഫിക്കറ്റ് നൽകേണ്ടതാണെന്ന് 16.11.2000-ലെ 3159/ജി1/99/പജ.പവ.വി.വ നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ടിയാളുകൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുവാൻ നിലവിലും ബുദ്ധിമുട്ടുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ 30.11.2017-ലെ സർക്കാർ കത്ത് മുഖേന മേൽ പരാമർശിച്ച നിർദ്ദേശം കോഴിക്കോട്, മലപ്പുറം ജില്ലാ കളക്ടർമാരുടെ ശ്രദ്ധയിൽ വീണ്ടും കൊണ്ടുവന്നിട്ടുണ്ട്. |
| (സി) | ഈ വിഷയം പരിഹരിക്കുന്നതിന് റവന്യൂ, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവയുടെ സംയുക്ത യോഗം ചേരുന്നതിനും അനുകൂല തീരുമാനം കൈക്കൊള്ളുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ